"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ് നം: 96/ഡിഡി2/2024/തസ്വഭവ

തിരുവനന്തപുരം,

തീയതി: 22-05-2024

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ്-ലോക പരിസ്ഥിതി ദിനാചരണം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

സൂചന:- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.04.2024-ലെ NREGA/281/2021-D1 നമ്പർ കത്ത്

**********************

ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വൃക്ഷതൈ വിതരണ പരിപാടികൾ എല്ലാ വർഷവും സംഘടിപ്പിച്ച് വരുന്നു. സോഷ്യൽ ഫോറസ്ട്രി-തൊഴിലുറപ്പ് പദ്ധതി പ്രകാരം തയ്യാറാക്കുന്ന തൈകളാണ് പ്രധാനമായും വിതരണം ചെയ്യുന്നത്. ടി സാഹചര്യത്തിൽ നഴ്സറികളിൽ തയ്യാറാക്കുന്ന വൃക്ഷതൈകൾ തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ ഭാഗങ്ങളിൽ എത്തിക്കുന്നതിന് വാഹന സൗകര്യം ഏർപ്പാടാക്കുന്നതിനും മറ്റ് ഒഴിവാക്കാനാവാത്ത ചെലവുകൾക്കുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരമാവധി 10,000/- രൂപ വരെ ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് സൂചന കത്ത് പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. മേൽ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പ് വർഷത്തെ ലോക പരിസ്ഥിതി ദിനം സമുചിതമായി ആചരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു. ഇതിന്റെ ഭാഗമായി, വൃക്ഷതൈകളുടെ ട്രാൻസ്പോർട്ടേഷനും മറ്റ് ഒഴിവാക്കാനാവാത്ത ചെലവുകൾക്കുമായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും പരമാവധി ₹10,000/- (പതിനായിരം രൂപ) അതത് സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്നതാണ്.

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by

Nisam N

Date: 22-05-2024 15:25:36

സെക്ഷൻ ഓഫീസർ.

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺ/സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
സ്റ്റോക്ക് ഫയൽ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്